ഉത്തരം

(എ) ബാധകമാണ്.

(ബി) ഒഴിവാക്കിയിട്ടില്ല.

(സി) 2,24,500 രൂപ.

(ഡി) ഈടാക്കാറുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ആന്വൽ അഡ്ജിനിസ്ട്രേഷൻ റിപ്പോർട്ട്

302 (3814) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏത് വർഷം വരെയുള്ള ആന്വൽ അഡ്ജിനിസ്ട്രേഷൻ റിപ്പോർട്ട് ആണ് സഭയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അവസാനമായി സഭ അംഗീകരിച്ചതിന് ശേഷം എത്ര രൂപയാണ് സർക്കാർ ബജനാവിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് എന്ത് അടിസ്ഥാനത്തിലാണ് നൽകിയത് എന്നു കൂടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നൽകാൻ വീഴ്ച വരുത്തിയിട്ടുള്ളത് ഏതൊക്കെ വർഷങ്ങളിലാണ്; ഇതിൽ കാരണക്കാർ ആരൊക്കെ എന്ന് കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട്

303 (3815) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട് വളരെ വർഷങ്ങളായി യഥാസമയം നിയമസഭയിൽ സമർപ്പിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷത്തെ ഭരണ റിപ്പോർട്ടാണ് പ്രസ്തുത സ്ഥാപനം ഏറ്റവും ഒടുവിലായി നിയമസഭയുടെ മുൻപാകെ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനം ഭരണ റിപ്പോർട്ടുകൾ യഥാസമയം നിയമസഭയിൽ സമർപ്പിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത

304 (3816) ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ ഏതെല്ലാം വസ്തുവകകളാണ് പണയപ്പെടുത്തിയതെന്നും എത്ര രൂപ കടമെടുത്തുവെന്നും പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്ക് ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

2013-14 സാമ്പത്തിക വർഷം മുതൽ KSRTC വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വസ്തുവകകൾ ഈടായി നൽകി വായ്പയെടുത്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	വായ്പാ തുക (രൂപയിൽ)	ഈടാക്കി നൽകിയ വസ്തുവകകൾ
ഹഡ്കോ	153.കോടി	മാനന്തവാടി, കാട്ടാക്കട.
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	200 കോടി	എടപ്പാൾ, ആലുവ, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ
എറണാകുളം ജില്ലാ സഹകരണ ബാങ്ക്	91 കോടി	എറണാകുളം ബസ് സ്റ്റേഷൻ, കാരിക്കാമുറി പെരുമാനൂർ ബോട്ട് യാർഡ്, തേവര

ഹഡ്കോയിൽ നിന്നുമെടുത്ത വായ്പ ബസുകൾ വാങ്ങാനും, പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പ പ്രവർത്തന മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly